# മിസ്ബാഹ് ദേശീയ ഖുർആൻ വിജ്ഞാന പരീക്ഷ

## ഇൻവിജിലേറ്റർമാർക്കുള്ള നിർദേശങ്ങൾ

ബഹുമാന്യരേ, السلام عليكم

എം എസ് എം നടത്തി വരുന്ന21ാമത് ഖുർആൻ ദേശീയ വിജ്ഞാന പരീക്ഷക്ക് ഇൻവിജിലേറ്ററായി നിൽക്കാനും പരീക്ഷയോട് സഹകരിക്കാനുമുള്ള നിങ്ങളുടെ സന്മനസ്സിന് നന്ദിയർപ്പിക്കുന്നു. നാഥൻ അർഹമായ പ്രതിഫലം നൽകുമാറാവട്ടെ. മുൻ വർഷങ്ങളിൽ നിന്ന് ഏതാനും മാറ്റങ്ങളോടെയാണ് ഈ വർഷത്തെ പരീക്ഷ.

- മിസ്ബാഹ് കേവലം ഒരു പരീക്ഷ എന്നതിലുപരി, കൂടുതൽ പഠിക്കാനുള്ള മാർഗമാണ്. ചോദ്യങ്ങൾ തയ്യാറാക്കിയതും ആ വിധത്തിലാണ്. ഈ സന്ദേശം പരീക്ഷാർഥികൾക്ക് തുടക്കത്തിലേ നൽകണം
- പരീക്ഷാ സമയം രാവിലെ 09:30 മുതൽ 11:30 വരെയാണ്. 30 മിനുട്ടിൽ അധികം വൈകി വരുന്നവരെ പ്രവേശിപ്പിക്കേണ്ടതില്ല
- ജനറൽ മദ്റസ വിഭാഗങ്ങളിലായി നടക്കുന്ന പരീക്ഷക്ക് പ്രത്യേകം ചോദ്യ പേപ്പറുകളും, വെവ്വേറെ ഒ എം ആർ ഷീറ്റുകളും ഉണ്ടായിരിക്കും.
- റെജിസ്റ്റർ നമ്പറുകൾ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. പ്രായമുള്ളവർ, സ്ത്രീകൾ എന്നിവർക്ക് അനിവാര്യമെങ്കിൽ റെജിസ്റ്റർ നമ്പറുകൾ ഇൻവിജിലേറ്റർ തന്നെ കറുപ്പിച്ചു നൽകുക.
- ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത് OMR ഷീറ്റിൽ ആണ്. കമ്പ്യൂട്ടർ മൂല്യനിർണയമാണ്. അതിനാൽ തന്നിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ ഉത്തരങ്ങൾ രേഖപ്പെടുത്താവൂ. തെറ്റിയാൽ മാറ്റി എഴുതാനാവില്ല.
- വിവരിച്ച് എഴുതാനുള്ള ഉത്തരങ്ങൾ അതാത് ഉത്തരങ്ങൾക്ക് നൽകിയിട്ടുള്ള സ്ഥലത്ത് മാത്രമേ എഴുതാവൂ. അല്ലാത്തവ പരിഗണിക്കുന്നതല്ല.
- ജനറൽ വിഭാഗത്തിൽ എല്ലാ ചോദ്യങ്ങൾക്കും ഒരേ രീതിയിലല്ല മാർക്ക് നൽകിയിരിക്കുന്നത്. ഒറ്റ ശരിയുത്തരം മാത്രമുള്ള ചോദ്യങ്ങളും ഒന്നിലധികം ഉത്തരങ്ങൾ ഉള്ള ചോദ്യങ്ങളും ഉണ്ട്. നിർദേശങ്ങൾ ചോദ്യ പേപ്പറിൽ നൽകിയിട്ടുണ്ട്.
- ചോദ്യ പേപ്പർ കവർ തുറക്കുന്നതിന് മുമ്പ് പരീക്ഷാർഥികളിൽ രണ്ട് പേരെ കൊണ്ട് കവറിൽ ഒപ്പു വെപ്പിക്കേണ്ടതാണ്.
- പരീക്ഷ കഴിഞ്ഞ ഉടനെ ഒ എം ആർ ഷീറ്റുകൾ നൽകിയിട്ടുള്ള കവറിൽ വെച്ച് ഒട്ടിച്ച് ശാഖാ കൺവീനറെ ഏൽപിക്കേണ്ടതാണ്.
- ജനറൽ - മദ്റസ വിഭാഗങ്ങൾ വെവ്വേറെ റെജിസ്റ്റർ നമ്പറിന്റെ ക്രമത്തിലാണ് OMR ഷീറ്റുകൾ ക്രമീകരിക്കേണ്ടത്.
- Attendance Sheetൽ പരീക്ഷാർഥികളെ കൊണ്ട് ഒപ്പ് വെപ്പിക്കേണ്ടതാണ്. വരാത്ത ആളുകളെ Absent എന്ന് അടയാളപ്പെടുത്തണം
- പരീക്ഷ കഴിഞ്ഞ ശേഷം ഒ എം ആർ ഷീറ്റുകളും അറ്റന്റൻസ് ഷീറ്റും ഒരുമിച്ച് നൽകിയിട്ടുള്ള കവറിൽ ഇട്ട് ഒട്ടിച്ച ശേഷം പുറത്ത് ഇൻവിജിലേറ്റർ പേര്, ഫോൺനമ്പർ എന്നിവ രേഖപ്പെടുത്തി ഒപ്പു വെക്കേണ്ടതാണ്.
- ഓൺലൈനായി റെജിസ്റ്റർ ചെയ്തവരെ മാത്രമേ പരീക്ഷക്ക് ഇരുത്താവൂ. സ്പോട്ട് റെജിസ്ട്രേഷനുകൾ അപ്പോൾ തന്നെ ഓൺലൈനായി റെജിസ്റ്റർ ചെയ്ത് റെജിസ്റ്റർ നമ്പർ എടുക്കേണ്ടതാണ്.
- റെജിസ്റ്റർ ചെയ്ത മറ്റൊരാളുടെ വരാത്തവരാണെങ്കിലും പേരിൽപരീക്ഷ എഴുതാൻ പാടില്ല.
- ഏതെങ്കിലും കാരണ വശാൽ മറ്റു സെന്ററിൽ റെജിസ്റ്റർ ചെയ്തവർ ഉണ്ടെങ്കിൽ അവരുടെ റെജിസ്റ്റർ നമ്പർ യാതൊരു കാരണവശാലും മാറ്റി നൽകരുത്.

പ്രത്യേകം ശ്രദ്ധിക്കേണ്ട ചോദ്യങ്ങൾ:

38 മുതൽ 43 വരെയുള്ള ചോദ്യങ്ങൾ: ഇവക്ക് ഒന്നോ അതിലധികമോ ഉത്തരങ്ങൾ ശരിയാവാം. ശരിയായ ഉത്തരങ്ങൾ എല്ലാം രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരത്തിന് 39ാമത്തെ ചേദ്യത്തിന് Aയും Bയും ശരിയണ് എന്ന് വെക്കുക. എങ്കിൽ ഇവ രണ്ടും (A,B) രേഖപ്പെടുത്തണം. ഏതെങ്കിലും ഒന്ന് ശരിയാക്കിയാൽ ഒരു മാർക്ക്, രണ്ടും ശരിയാക്കിയാർ രണ്ട് മാർക്ക് ലഭിക്കും. തെറ്റായ ഒരുത്തരം രേഖപ്പെടുത്തിയാൽ ഒന്നര മാർക്കും, തെറ്റായ രണ്ട് ഉത്തരം രേഖപ്പെടുത്തിയാൽ മൂന്ന് മാർക്കും നെഗറ്റീവ് ലഭിക്കും.

46 മുതൽ 51 വരെയുള്ള ചോദ്യങ്ങൾ: ഇവക്കും ഒന്നിലധികം ഉത്തരങ്ങൾ ശരിയായേക്കാം. ചിലപ്പോൾ എല്ലാ ഉത്തരങ്ങളും തെറ്റായിരിക്കാം. ഉദാഹരണത്തിന് 46ാമത്തെ ചോദ്യത്തിന് എല്ലാ ഓപ്ഷനും തെറ്റാണ് എന്ന് വെക്കുക. എങ്കിൽ അവ രേഖപ്പെടുത്താതിരിക്കുകയാം മറ്റു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നെങ്കിലും രേഖപ്പെടുത്തുകയും ചെയ്താൽ 46ാമത്തെ ചോദ്യത്തിന് 2 മാർക്ക് ലഭിക്കും.

**കൺട്രോളർ,**
മിസ്ബാഹ്- 2017
ദേശീയ ഖുർആൻ വിജ്ഞാനപരീക്ഷ